പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *396

20-03-2018-ലെ മറുപടിയ്ക്ക്

## കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.അനിൽ അക്കര** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനും കർഷക ആത്മഹത്യ തടയുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണ തോതിൽ വിജയപ്രദമാണോ; | (എ) അതെ. കഴിഞ്ഞ 5 വർഷമായി കേരളത്തിലുണ്ടായ കർഷക ആത്മഹത്യയുടെ തോത് അനുസരിച്ച് ആത്മഹത്യാ നിരക്ക് കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണ തോതിൽ വിജയപ്രദമായതുകൊണ്ടാണ് കർഷക ആത്മഹത്യ കുറയുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല |
| (ബി) പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിൽ കുടിശ്ശികയുണ്ടോ; | ബി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 2012 മുതൽ കുടിശ്ശികയിനത്തിൽ നൽകേണ്ടിയിരുന്ന നഷ്ടപരിഹാരത്തുകയായ 76.714 കോടി രൂപയിൽ 52 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 കാലയളവിൽ അനുവദിക്കുകയുണ്ടായി. 2017-18 -ൽ 4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ SDRF വിഹിതമായി 49.6 കോടി രൂപയും ഉൾപ്പെടെ ആകെ 105.36 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സമീപകാലത്ത് ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ അടക്കം കർഷകർക്കുണ്ടായ നാശനഷ്ടത്തിന് ആശ്വാസമായി ഡിപ്പാർട്ട്മെന്റ് വിഹിതമായി 44.824 കോടി രൂപയും എസ്. ഡി. ആർ. എഫ്. വിഹിതമായി 12.68 കോടി രൂപയും കർഷകർക്ക് നൽകേണ്ടതുണ്ട്. ഇതേ കാലയളവിൽ ഇൻഷ്വർ ചെയ്ത വിളകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി |

പ്രകാരം 2016-17 ൽ 2478 കർഷകർക്കായി 1,59,87,097/- രൂപ നഷ്ടപരിഹാരമായി നൽകുവാൻ കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷം ഇതുവരെയായി 5705 കർഷകർക്ക് 3,05,68,965/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

**സി)** കേരളത്തിന്റെ തനത് ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും സംയോജിതമായ കൃഷി വ്യാപനവും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും സാധ്യമാക്കുന്നതിനുമുള്ള സമഗ്ര കാർഷിക നയം കർഷകരുടെ ജീവിത നിലവാരത്തിൽ എന്ത് മാറ്റമാണ് വരുത്തിയതെന്ന് വിശദീകരിക്കുമോ?

**സി)** ജൈവകൃഷിക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിച്ചതിന്റെ ഭാഗമായി നല്ല കാർഷിക മുറകൾ, പി.ജി.എസ്. സർട്ടിഫിക്കേഷൻ എന്നിവ പ്രാവർത്തികമാക്കി സുരക്ഷിത ഭക്ഷണം ഉൽപാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ച് വരുന്നു. നിലവിലെ സംഭരണ വില 23.30 ആണ്.

നിലവിൽ നാളികേരത്തിന് പൊതുവിപണിയിൽ സംഭരണ വിലയേക്കാൾ ഉയർന്ന വില ലഭിക്കുന്നതിനാൽ സംഭരിക്കേണ്ട ആവശ്യം ഇപ്പോഴില്ല. എന്നാൽ നാളികേര വിപണി തകർച്ച നേരിടുന്ന അവസരം ഉയർന്നു വന്നാൽ കേരഫെഡ് മുഖേന നാളികേര സംഭരണം ഉടനെ പുന:രാരംഭിക്കുന്നതാണ്.

റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ധനവകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്.

കേരളത്തിലെ പ്രമുഖ വിളകളായ തെങ്ങ്, നെല്ല്, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് ഊന്നൽ നൽകി അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതിലേയ്ക്കായി KAICO 100 കോടി രൂപയുടെ പ്രൊപ്പോസൽ KIIFB (Kerala Infrastructure Investment Fund Board) ൽ സമർപ്പിച്ചിട്ടുണ്ട്.

2 തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി,

തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിങ്ങനെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചിട്ടുണ്ട്. നീണ്ട 22 വർഷങ്ങൾക്ക് ശേഷമാണ് ഇൻഷ്വറൻസ് കാലോചിതമായി 2017 -ൽ പരിഷ്കരിച്ചത്.

നാളികേര വികസന ബോർഡിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉൽപാദക സമിതി / ഫെഡറേഷനുകളിലൂടെ നീരയുടേയും അതിൽ നിന്നുള്ള ഉൽപന്നങ്ങളുടേയും ഉൽപാദനം നടന്നു വരുന്നു. കേരഫെഡ് മുഖാന്തിരം നാളികേരം ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളായ തേങ്ങ ചിരകിയത്, തേങ്ങാപൊടി, വെളിച്ചെണ്ണയും ആയുർവേദ മൂലികകളും അടങ്ങിയ കേരഫെഡിന്റെ ബ്രാന്റായ 'കേരജം കേശാമൃത്' ഹെർബൽ ഓയിൽ മുതലായവ ഉൽപാദിപ്പിച്ച് വിപണിയിൽ വിറ്റുവരുന്നു. ഇതുകൂടാതെ കൊപ്രാ സംസ്കരണവും നടന്നു വരുന്നു. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ തനത് ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും സാധ്യതയേറുക വഴി വരുംവർഷങ്ങളിൽ കൃഷിക്കാർക്ക് ആയതിന്റെ പ്രയോജനം ലഭിക്കുകയും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**